# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6397

31.10.2011-ൽ മറുപടിക്ക്.

## കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ ;<br><br>(ബി) ഈ പദ്ധതികൾ നടപ്പാക്കുന്നത് മറ്റേതെങ്കിലും വകുപ്പുകളുമായി യോജിച്ചാണോ ;<br><br>(ബി) പുതിയ പദ്ധതികൾക്ക് കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നുണ്ടോ ; | (എ), (ബി) & (സി)<br><br>വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും അതു വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി സർക്കാർ വ്യവസായ നയം രൂപപ്പെടുത്തിവരികയാണ്. ഇതിന്റെ കരട് രൂപം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം സർക്കാർ സ്വീകരിക്കാനുദ്ദേ--ശിക്കുന്ന നടപടികൾ പ്രധാനമായവ അനുബന്ധമായി ചേർത്തിരിക്കുന്നു. സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും അതു വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി 'എമർജിംഗ് കേരള' എന്ന പേരിൽ ഒരു നിക്ഷേപ സംഗമം സർക്കാർ സംഘടിപ്പിക്കുന്നുണ്ട്,. ഇതിലേക്കായി കെ.എസ്.ഐ.ഡി.സി-യെ നോഡൽ ഏജൻസിയായി നിയമിച്ച് വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.